LIBRARY ARCHIVES Kerala Legislative Assembly

## അനിയന്ത്രിതമായ മണൽ വാരൽ

55 [669] ശ്രീ. ഷിബു ബേബിജോൺ,
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ നിയമനിർമ്മാണം നടത്തിയിട്ടും സംസ്ഥാനത്തെ നദികളിൽ നിന്ന് അനിയന്ത്രിതമായ മണൽ ഖനനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മണൽ വാരൽ നിയന്ത്രണം നടപ്പിൽ വരുത്തുവാൻ നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും ഭേദഗതികൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിയമലംഘനം നടത്തി മണൽ വാരൽ നടത്തുന്ന മണൽ മാഫിയ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി സർക്കാർ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മാഫിയാ സംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃതമായി മണൽ വാരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അനധികൃതമായി മണൽ വാരൽ നടത്തുന്നവർക്കെതിരെ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃതമായി മണൽ കടത്തിക്കൊണ്ടുപോകുന്ന വാഹനവും മണലും കണ്ടുകെട്ടുന്നുണ്ട്.

## സംസ്ഥാനത്തെ നോട്ടറിമാർ

56 [670] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നോട്ടറിമാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് നോട്ടറി ചട്ടം ഭേദഗതി ചെയ്തതിനുശേഷം സംസ്ഥാനത്ത് നിയമിക്കാവുന്ന നോട്ടറിമാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അധികമായുള്ള നോട്ടറിമാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) 757.

(ബി) 375.

(സി) 382.